പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3257 20.06.2014- ൽ മറുപടിക്ക്

## അനാഥാലയങ്ങളുടെ മറവിൽ മനുഷ്യക്കടത്ത്

ചോദ്യം
ശ്രീ. സാജു പോൾ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിലും അഗതി മന്ദിരങ്ങളിലും നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | അനാഥാലയങ്ങളിലും, അഗതി മന്ദിരങ്ങളിലും മനുഷ്യാവകാശ ലംഘനങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്ഥാപനങ്ങളിൽ മുൻകൂർ അനുമതിയില്ലാതെ കുട്ടികളെ പാർപ്പിക്കാൻ കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു സംബന്ധിച്ച പോലീസ് അന്വേഷണം നടന്നു വരുന്നു. |
| (ബി) | എങ്കിൽ ഇതിനെതിരായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിയ്ക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി അവയ്ക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാനും തയ്യാറാകുമോ? | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം സ്ഥിരമായി പരിശോധിക്കുവാൻ ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് നിർദേശം നൽകുകയും ഓരോ ക്വാർട്ടറിലും സംസ്ഥാന തലത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഇക്കാര്യം റിവ്യൂ നടത്തുന്നുമുണ്ട്. 10.06.2014 ലെ റിവ്യൂ പ്രകാരം 31 അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ